**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4172** **03-03-2023 - ൽ മറുപടിയ്ക്ക്**

**വടക്കാഞ്ചേരി ലൈഫ് മിഷൻ ഫ്ലാറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി വടക്കാഞ്ചേരിയിൽ നിർമ്മിക്കുന്ന ഫ്ലാറ്റ് സമുച്ചയത്തിന്റെ കരാർ ഏത് കമ്പനിക്കാണ് നൽകിയതെന്ന് വിശദമാക്കാമോ; | (എ) | പ്രസ്തുത കരാർ യുഎഇ റെഡ് ക്രസൻറ് എന്ന സന്നദ്ധ സംഘടന നേരിട്ട് M/s Unitac Builders എന്ന നിർമ്മാണ ഏജൻസിക്കാണ് നൽകിയിട്ടുള്ളത്. |
| (ബി) | ലൈഫ് പദ്ധതിയുടെ ഭാഗമായി ഭവന നിർമ്മാണം നടത്തുന്ന കമ്പനികളെ തെരഞ്ഞെടുക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; വടക്കാഞ്ചേരിയിൽ ഫ്ലാറ്റ് നിർമ്മിക്കുന്ന കമ്പനി പ്രസ്തുത മാനദണ്ഡങ്ങൾ പാലിച്ചിട്ടുള്ള കമ്പനിയാണോയെന്ന് വ്യക്തമാക്കാമോ; | (ബി) | ലൈഫ് മിഷൻ നേരിട്ട് നടത്തുന്ന ഭവനസമുച്ചയ നിർമ്മാണ ഏജൻസകളെ e-tender മുഖേനയാണ് തെരഞ്ഞെടുക്കുന്നത്. ലൈഫ് മിഷൻ മുഖേന നിർമ്മാണം പുരോഗമിക്കുന്ന ഭവനസമുച്ചയങ്ങൾ പ്രീഫാബ് സാങ്കേതിക വിദ്യയിലാണ് നിർമ്മിക്കുന്നത്. ഇതിന് താഴെപ്പറയുന്ന വിഭാഗം ഏജൻസികൾക്കാണ് ടെണ്ടറിൽ പങ്കെടുക്കാൻ യോഗ്യതയുള്ളത്.<br><br>1. കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയത്തിന്റെ കീഴിലുള്ള ബിൽഡിംഗ് മെറ്റീരിയൽ ആൻഡ് ടെക്നോളജി പ്രമോഷൻ കൗൺസിൽ "Light gauged steel framed structural system(LGSF) or LGSFand Pre-engineered steel Structural system" technology പ്രൊവൈഡേഴ്സിന്റെ ചുരുക്ക പ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളവർ.<br><br>2. മേൽപ്പറഞ്ഞ ഏജൻസികളുമായി Consortium/ Joint venture ൽ ഏർപ്പെട്ടിട്ടുള്ളവർ.<br><br>3.മേൽപ്പറഞ്ഞ സാങ്കേതിക വിദ്യയിൽ മുൻപരിചയമുള്ളവരും കേന്ദ്ര/ സംസ്ഥാന PWD, കേന്ദ്ര/ സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കരാറുകാരുമായി Consortium/Joint venture ൽ ഏർപ്പെട്ടിട്ടുള്ളവർ. വടക്കാഞ്ചേരിയിലെ ഭവനസമുച്ചയ നിർമ്മാണം യു.എ.ഇ റെഡ് ക്രസന്റ് നേരിട്ട് നടത്തുന്നതാണ്. |
| (സി) | ഈ പദ്ധതിക്ക് പിന്നിൽ ഗൂഢാലോചന | (സി) | ഈ വിഷയത്തിൽ വി സി 02/2020/എസ്.ഐ.യു 1 |

| | | | |
|---|---|---|---|
| | നടത്തിയതായി പറയപ്പെടുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അന്വേഷണം പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ? | | നമ്പറായി വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തു അന്വേഷണം നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ